"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - മലപ്പുറം ജില്ലയിലെ ഉണ്ണ്യാൽ സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികൾ മൊത്തമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.18/2026/F&P　　　　തിരുവനന്തപുരം, 08-01-2026

---

പരാമർശം:-　ഫിഷറീസ് ഡയറക്ടറുടെ 19/12/2025-ലെ DFTVM/3900/2025-D2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉണ്ണ്യാലിൽ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിച്ച ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികൾ ഉപയോഗപ്രദമാക്കുന്നതിന്, അവ മൊത്തമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ നിറമരുതൂർ ഉണ്ണ്യാലിൽ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം പൂർത്തീകരിച്ച, ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികൾ മൊത്തമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
സെക്ഷൻ ഓഫീസർ
Date: 08-01-2026 11:26:51